**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 383** **07-10-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസിന്റെ വർദ്ധനവിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ്, ലേ ഔട്ട് പരിശോധനാ ഫീസ് എന്നിവ വർദ്ധിപ്പിച്ച 2023 ഏപ്രിൽ 10 മുതൽ, 2024 ജൂലൈ 30 വരെ എത്ര അപേക്ഷകളാണ് പഞ്ചായത്തുകളിലും നഗരസഭകളിലുമായി ലഭിച്ചത്; ഇവയിലായി എന്ത് തുകയാണ് അപേക്ഷകർ ഫീസായി അടച്ചത്; വിശദമാക്കുമോ; | (എ) | <u>പഞ്ചായത്ത്</u><br>ലഭിച്ച അപേക്ഷകൾ :- 2,70,264.<br>ഫീസായി ലഭിച്ച തുക :- 3,479,470,448/- രൂപ<br><u>നഗരസഭകൾ</u><br>ലഭിച്ച അപേക്ഷകൾ : - 53733<br>ഫീസായി ലഭിച്ച തുക :- 1,092,117,334/- രൂപ |
| (ബി) | 2024 ഓഗസ്റ്റ് 1 മുതൽ കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് ഇളവു ചെയ്ത ശേഷം പിരിച്ച അധിക ഫീസിനത്തിൽ എത്ര അപേക്ഷകർക്ക് എന്തു തുകയാണ് തിരിച്ചു നൽകാനുള്ളത്; വിശദമാക്കുമോ; | (ബി) | 1,54,988 അപേക്ഷകർ<br>139,86,67,705/- രൂപ |
| (സി) | അധിക ഫീസ് തിരിച്ചു നൽകുന്നതിന് എത്ര നാളത്തെ സാവകാശമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരിക്കുന്നത്; ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (സി) | അധികമായി ഈടാക്കിയ പെർമിറ്റ് ഫീസും അപേക്ഷാ ഫീസും 2025 മാർച്ച് 31-നു മുൻപായി തദ്ദേശസ്ഥാപനങ്ങൾ തിരികെ നൽകേണ്ടതാണ്. അധികഫീസ്<br>തിരികെ നൽകുന്നതിന് 30/07/2024-ലെ സ.ഉ(കൈ.) നം.97/2024/LSGD പ്രകാരമുള്ള നടപടിക്രമങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>1. ഗ്രാമപഞ്ചായത്തുകൾ അടുത്ത പഞ്ചായത്ത് യോഗത്തിലും, മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും അടുത്ത കൗൺസിൽ യോഗത്തിലും അധികമായി ഈടാക്കിയ പെർമിറ്റ് ഫീസും അപേക്ഷ ഫീസും തിരികെ നൽകുന്നതിനുള്ള ഒരു പൊതുതീരുമാനം എടുക്കേണ്ടതും, തുടർനടപടികൾ സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തേണ്ടതുമാണ്. |

| | | | |
|---|---|---|---|
| | | | 2. അധികമായി അടവാക്കിയ തുക തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ ഓൺലൈൻ മുഖേന നൽകേണ്ടതും അപേക്ഷയോടൊപ്പം പെർമിറ്റിന്റെ പകർപ്പ്, തുക അടവാക്കി യതിന്റെ രസീതു വിശദാംശങ്ങൾ(രസീത് നഷ്ടപ്പെട്ടുവെങ്കിൽ ആയതു സംബന്ധിച്ച അപേക്ഷകന്റെ സത്യപ്രസ്താവന) എന്നിവയും അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളും ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പും ഉൾപ്പെടുത്തേണ്ടതാണ്.<br>3. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ, മുൻഗണന ക്രമം അനുസരിച്ച് നടപടി സ്വീകരിച്ചു തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും അപേക്ഷകരുടെ ബാങ്ക് അക്കൌണ്ടിലേക്ക്തിരികെ നൽകുന്നതാണ്.<br><br>4. പെർമിറ്റ് ഉടമ മരണപ്പെട്ടസംഗതികളിൽ റവന്യൂ അധികാരികളുടെസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ അനന്തരാവകാശി/ അനന്തരാവകാശികൾക്ക് ടി തുക അനുവദിക്കുന്നതാണ്.<br><br>5. പെർമിറ്റ് മറ്റൊരാൾക്ക് കൈമാറ്റം ചെയ്ത സംഗതികളിലും, വിവിധ കാരണങ്ങളാൽ പെർമിറ്റ് റദ്ദു ചെയ്തിട്ടുള്ള സംഗതികളിലും റീഫണ്ട്അപേക്ഷ പരിഗണിക്കുന്നതല്ല.<br><br>6. അപേക്ഷകർ ആവശ്യപ്പെടുന്ന പക്ഷം തിരികെ നൽകേണ്ടുന്ന തുക വസ്തു നികുതി ഇനത്തിൽ വരവ് വച്ച് ക്രമീകരിച്ച് നൽകാവുന്നതാണ്. |
| (ഡി) | ഫീസ് വർദ്ധിപ്പിച്ചത് കഴിഞ്ഞ സാമ്പത്തിക വർഷവും തിരിച്ചു കൊടുക്കേണ്ടി വരുന്നത് ഈ സാമ്പത്തികവർഷവും ആണെന്നതിനാൽ ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് നടപടികളെ ബാധിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് വർധിപ്പിച്ചപ്പോഴും പിന്നീട് ഇളവ് ചെയ്തപ്പോഴും കേരള പഞ്ചായത്ത്രാജ്, കേരള മുനിസിപ്പാലിറ്റി നിയമങ്ങളുടെ ഭാഗമായ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇതിനായി ഭേദഗതി വരുത്തിയിരുന്നോ; പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്താതെ ഫീസ് വർദ്ധിപ്പിച്ചത് നിയമവിരുദ്ധമാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ